# ST JOSEPH'S L P SCHOOL
# PAVARATTY



# ACADEMIC MASTER PLAN

# 2025-26

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അധ്യാപകരുടെയും പിടിഎയുടെയും സഹകരണത്തോടെ മികച്ച ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങൾ തയ്യാറാക്കുകയുണ്ടായി. എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരും ആക്കുക എന്നുള്ള ലക്ഷ്യമാണ് ഈ അക്കാദമിക പ്ലാനിന്റെ പിന്നിലുള്ളത്. അതിന്റെ ഭാഗമായി നിരവധി പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

## സ്കൂൾ ചരിത്രം

വിശുദ്ധ ചാവറയച്ചന്റെ വിദ്യാഭ്യാസ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പള്ളിയോട് ചേർന്ന് പള്ളിക്കൂടം സ്ഥാപിക്കുക എന്ന ലക്ഷ്യം മുന്നിൽ ചേർന്ന് 1909 ഈ വിദ്യാലയം സ്ഥാപിതമായി. 1911 ലാണ് വിദ്യാലയത്തിന്റെ പണി പൂർണരൂപത്തിൽ എത്തിയത്.ആദ്യകാലങ്ങളിൽ ആൺകുട്ടികൾ മാത്രമേ സ്കൂളിൽ ചേർന്നിരുന്നുള്ളൂ. കാരണം പെൺകുട്ടികളുടെ ഒരു കോൺവെന്റ് സ്കൂൾ അടുത്ത് തന്നെ ഉണ്ടായിരുന്നു. 1960 മുതൽ ഇവിടെ പെൺകുട്ടികൾ ചേർന്നു തുടങ്ങി.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി 2025 ഈ സ്കൂൾ പുതിയ കെട്ടിടത്തിലേക് മാറുകയുണ്ടായി. ഇന്ന് 115 ആൺകുട്ടികളും 101 പെൺകുട്ടികളും നല്ല നിലയിൽ പഠിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് ജോസഫ് എൽ പി സ്കൂൾ. എൽകെജി യുകെജി വിഭാഗങ്ങളിലായി 90 കുട്ടികൾ പഠിക്കുന്നു. പാവറട്ടി പഞ്ചായത്തിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും മികച്ച വിദ്യാഭ്യാസം നൽകുന്ന മറ്റൊരു സ്ഥാപനം വേറെയില്ലെന്ന് തന്നെ പറയാം.

ഈ വിദ്യാലയത്തിൽ ജാതിമതഭേദമന്യേ എല്ലാ വിഭാഗത്തിലും പെട്ട കുട്ടികൾ പഠനം നടത്തുന്നു.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാൻ ഇവിടുത്തെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും മുന്നിൽ തന്നെയാണ്.
പൂർവ്വ അധ്യാപകർ ഏർപ്പെടുത്തിയിരിക്കുന്ന എൻഡോമെന്റുകൾ വഴി പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെയും സാമ്പത്തികമായി സഹായിച്ചു വരുന്നു.

കലാകായിക പ്രവർത്തി പരിചയം മേഖലകളിൽ ഈ വിദ്യാലയം മുൻപന്തിയിൽ തന്നെയാണ് എൽ എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ എല്ലാവർഷവും മുല്ലശ്ശേരി ഉപജില്ലയിൽ നിന്നും എൽഎസ്എസ് സ്കോളർഷിപ്പ് നേടുന്ന വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിലുണ്ട്. പഠനത്തോടൊപ്പം പാഠേതര പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകുന്നതിനായി അബാക്കസ്, സ്പോക്കൺ ഇംഗ്ലീഷ്,കമ്പ്യൂട്ടർ പരിശീലനങ്ങൾ ഇവിടെ നടത്തിവരുന്നുണ്ട്.

2

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അത് ക്ലാസിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

2. പോരാട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പൊതുസമൂഹത്തെ അറിയിക്കുക

3. സ്കൂൾ നിയമങ്ങൾ അനുസരിക്കുന്നതിലൂടെ കുട്ടികളെ നല്ല പൗരന്മാരായി വളർത്താനുള്ള പരിശീലനം നൽകുക.

4. ആരോഗ്യ ശീലങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളെ വളർത്തുക

5. കുട്ടികളിലെ സന്മാർഗിക കഴിവുകൾ വളർത്തിയെടുക്കുന്നതിനായി വിവിധ കലാസാഹിത്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. കുട്ടികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

7. പ്രകൃതിയോടുള്ള ആഭിമുഖ്യമർത്തുന്നതിനായി ജൈവ പച്ചക്കറി കൃഷി,പൂന്തോട്ടം നിർമ്മാണം, ഔഷധ - ശലഭോദ്യാ ന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

8. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് മലയാളം ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് കൈ വരുത്തുക.

9. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് വളർത്തുക

10. പഠനത്തിൽ പിന്നോക്കം
നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

11. ഐസിടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

3

# അക്കാദമിക പ്രവർത്തനങ്ങൾ

ഭാഷാ വികസനം - മലയാളം

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും മികച്ച വായനക്കാരും എഴുത്തുകാരും ആകുന്നു എന്ന് ഉറപ്പുവരുത്തുക.
2. ഓരോ പ്രായ ഘട്ടത്തിനനുസരിച്ച് മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് നേടുക
3. സാഹിത്യഭിരുചി വളർത്തുക.
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. സംയുക്ത ഡയറി, സർഗാത്മക ഡയറി എന്നിവ എഴുതുന്നതിനുള്ള പ്രോത്സാഹനം നൽകുക
6. രചനോത്സവം നടത്തി കുട്ടികളുടെ രചനകൾ പൊതുസമൂഹത്തിന് മുന്നിൽ പ്രിന്റ് ചെയ്തു അവതരിപ്പിക്കുക.
7. പാട്ടുത്സവം,അഭിനയ കളരികൾ പൊതുസമൂഹത്തിന് മുന്നിലെത്തിക്കുക.
8. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
9. സ്കൂൾ ലൈബ്രറിയോടൊപ്പം വീട്ടിലും ഒരു ലൈബ്രറി ഒരുക്കൽ ക്ലാസ്  വായനാകൂട് തയ്യാറാക്കൽ പ്രവർത്തനങ്ങൾ നടത്തുന്നു.
10. ദിനാചരണവുമായി ബന്ധപ്പെട്ട് പുസ്തക വായന ക്വിസ് പ്രവർത്തനങ്ങൾ നടത്തുന്നു പതിപ്പുകൾ,തയ്യാറാക്കുന്നു
11. അമ്മ വായന, ചങ്ങല വായന,സഹവർത്തിത വായന പ്രോത്സാഹിപ്പിക്കുന്നു

## ഇംഗ്ലീഷ്

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി ഇംഗ്ലീഷ് എഴുതുന്നതിനും വായിക്കുന്നതിനും കഴിവ് നേടുന്നു.
2. എല്ലാ കുട്ടികളും പ്രായത്തിനനുസരിച്ച് മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് നേടിയെന്ന് ഉറപ്പാക്കുന്നു.
3. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്നു
4. Reading card,simple story,library books എന്നിവയുടെ നിർമ്മാണവും വായനയ്ക്കായി നൽകലും. അസംബ്ലിയിൽ ഇവയുടെ അവതരണവും നടത്തുന്നു.
5. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.

6 . Conversation,rhymes,skits,ഡ്രാമ എന്നിവ അവതരിപ്പിക്കാൻ അവസരങ്ങൾ നൽകുന്നു

7. Rhymes conversation, descriptions diary, thoughts തുടങ്ങിയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

## ഗണിതം

1. ഗണിത പഠനത്തിൽ താൽപര്യം ജനിപ്പിച്ചുകൊണ്ട് ഗണിതം ആയാസ രഹിതവും ആസ്വാദ്യകരമാക്കി മാറ്റുക.
2. സംഘപ്രവർത്തനങ്ങൾക്ക് അവസരം നൽകുക
3. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി നിർദാരണം ചെയ്യുക.
4. കുട്ടികളുടെ നിലവാരം പരിഗണിച്ച കൊണ്ടുള്ള ഗണിതോപകരണങ്ങൾ നിർമ്മിക്കുക, ശേഖരിക്കുക.
5. പ്രാദേശിക വിഭവങ്ങളെ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുക.
6. ഗണിത കിറ്റ് തയ്യാറാക്കുക
7. ഗണിതവുമായി ബന്ധപ്പെട്ട പതിപ്പുകൾ,ശേഖരണങ്ങൾ,നിർമിതികൾ എന്നിവ കൈകാര്യം ചെയ്യുക
8. ഭാരം,നീളം, ഉള്ളളവ് സമയം എന്നിവയ്ക്ക് ഉപയോഗിച്ചിരുന്ന പണ്ടുകാലത്തെയും ഇപ്പോഴത്തെയും ഉപകരണങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ എത്തിക്കുക.
9. ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗിക്കുക.
10. ഗണിത ലാബ് തയ്യാറാക്കുക.
11. മീറ്റർ സ്കെയിൽ, അളവ് തൂക്ക പാത്രങ്ങൾ എന്നിവയുടെ നിർമ്മാണം പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം ചെയ്യുക
12. ഗണിത പാട്ട് പതിപ്പുകൾ തയ്യാറാക്കുന്നു.

## പരിസര പഠനം

1. കുട്ടി തന്നെ ചുറ്റുപാടിൽ വസ്തുക്കൾ ജീവജാലങ്ങൾ സംഭവങ്ങൾ സാമൂഹിക പരിസരം എന്നിവയെക്കുറിച്ച് കാഴ്ച കേൾവി സ്പർശം ഗന്ധം രുചി തുടങ്ങിയ ഇന്ദ്രിയ അനുഭവങ്ങളിലൂടെ ആശയങ്ങൾ രൂപീകരിക്കുന്നു

2 . ശേഖരിച്ച് വിവരങ്ങളും വസ്തുക്കളും വ്യത്യസ്ത രീതിയിൽ തരംതിരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നു

3 . പഠനവേഗവും പഠന ശൈലിയും പരിഗണിച്ച് വ്യത്യസ്ത രീതിയിലുള്ള നിരീക്ഷണം, കണ്ടെത്തലുകൾ എന്നിവ ഫലപ്രദമായി അവതരിപ്പിക്കുന്നു.

4 . കുട്ടികളുടെ ഭാവന, ജിജ്ഞാസ എന്നിവ വികസിപ്പിക്കുന്ന തരത്തിൽ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

5 . പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു.

6 . പ്രകൃതിയിലെ പരസ്പരശ്രയത്വം തിരിച്ചറിയുകയും പ്രകൃതിസ്നേഹം വളർത്തുകയും ചെയ്യുന്നു.

7 . വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുന്നു.

8. സയൻസ് ലാബ് സെറ്റ് ചെയ്യുന്നു.

9. സയൻസ് ലാബിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

10. നിരീക്ഷണ പരീക്ഷണ വർഗീകരണത്തിലൂടെ നിഗമനങ്ങൾ സ്വയം രൂപപ്പെടുത്തുന്നു.

11. ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ പൊതു സ്ഥാപനങ്ങൾ എന്നിവയിലേക്കുള്ള സന്ദർശനം നടത്തുന്നു.

12 . ജൈവവൈവിധ്യ പാർക്ക്,പച്ചക്കറി കൃഷി,ഔഷധത്തോട്ട നിർമ്മാണം,പ്ലാസ്റ്റിക് നിർമാർജനം,വൃക്ഷത്തൈ നടൽ,ചങ്ങാതിക്ക് ഒരു തൈ, വിത്ത് ബോൾ നിർമ്മാണം തുടങ്ങിയ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

7

## അറബിക്

1. കുട്ടികൾ തെറ്റുകൂടാതെ അറബി വായിക്കാനുള്ള കഴിവ് നേടുന്നു.

2 . അറബി ഭാഷ പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു

3. വിവിധ വായന പ്രവർത്തനങ്ങൾ വായന മത്സരങ്ങൾ നടത്തുന്നു.

4. ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു.

5. അറബിക് ഭാഷാ ദിനത്തിൽഎല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.

6. ദിനാചരണങ്ങളിൽ അറബിയുടെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

7. കയ്യെഴുത്ത് മാഗസിൻ പുറത്തിറക്കുന്നു.

8 . ചുവർപത്രിക നിർമ്മാണം,ചിത്രകഥ രചന എന്നിവ നടപ്പിലാക്കുന്നു.

9. പോസ്റ്ററുകൾ വായനക്കാടുകൾ നിർമ്മിക്കുന്നു വായിക്കുന്നു

10. വായനക്കുറിപ്പ്, അറബിക് വാർത്ത എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു

# മികവുകൾ

- എല്ലാവർഷവും എൽ എസ് എസ് വിജയം
- പഞ്ചായത്ത് തലത്തിൽ മികച്ച വിദ്യാലയം
- കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ ഉന്നത വിജയം
- പാവപ്പെട്ട കുട്ടികൾക്കുള്ള കാരുണ്യ കൈനീട്ടം.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നത് പ്രത്യേക പരിഗണന ക്ലാസുകൾ.
- എൽഎസ്എസ് പരീക്ഷയ്ക്കുള്ള പ്രത്യേക പരിശീലനം.
- ഗൃഹ സന്ദർശനം
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദ ക്ലാസ് റൂമുകൾ.
- അമ്മ വായന, അമ്മ കഥപറയൽ  തുടങ്ങിയ പ്രവർത്തനങ്ങൾ
- അബാക്കസ്, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ
- കലാകായിക പ്രവർത്തി പരിചയ പരിശീലനങ്ങൾ.
- നൃത്ത പരിശീലന ക്ലാസുകൾ
- വിവിധതരം ക്ലബ് പ്രവർത്തനങ്ങൾ
- ബാലസഭ പരിപാടികൾ

# 9

പരിമിതികൾ

- കായിക പരിശീലനത്തിന് ആവശ്യമായ സ്ഥലപരിമിതി.
- അടുത്തടുത്ത് നിരവധി വിദ്യാലയങ്ങൾ ഉള്ളതുകൊണ്ട് കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ്.
- കുട്ടികൾക്ക് കളിക്കാനായി ഒരു പാർക്ക് അത്യാവശ്യമാണ്.

# 10

## ഉപസംഹാരം

സമഗ്ര ഗുണം എന്ന വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരും ആക്കുന്നതിന് സെന്റ് ജോസഫ് എൽ പി സ്കൂൾ പാവറട്ടി ആവിഷ്കരിച്ച പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ലക്ഷം കൈവരിക്കുന്നതിനായി അധ്യാപകരും വിദ്യാർത്ഥികളും പിടിഎയും മറ്റു പൊതുസമൂഹവും ഒന്നായി പ്രവർത്തിക്കേണ്ടതുണ്ട്. ഇത്തരമൊരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഞങ്ങൾക്ക് സാധിക്കും എന്ന് ഉറപ്പുണ്ട്.